**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.08.16-ന് ഉച്ചയ്ക്ക് 12.30 മണിയ്ക്ക് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വച്ച് നടന്ന യോഗ നടപടിക്കുറിപ്പ്.**

**പൊതു വിഷയങ്ങൾ**

**1 പദ്ധതി അംഗീകാരത്തിനുളള തീയതി നീട്ടി നൽകുന്നതു സംബന്ധിച്ച്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്തു പ്രവർത്തികളുടെ പ്രോജക്ടിനോടൊപ്പം PRICE SOFTWARE വഴി തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് കൂടി സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് കാലതാമസത്തിന് ഇടവരുത്തുന്നുവെന്ന് ചില തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ പരാതിപ്പെട്ടിരുന്നു. ഇത് 25.08.2016-ൽ കൂടിയ അധികാര വികേന്ദ്രീകരണത്തിനുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാവുമെന്നതിനാൽ അത്തരം മരാമത്തു പ്രവർത്തികളുടെ പ്രോജക്ടുകൾ വിശദമായ എസ്റ്റിമേറ്റ് കൂടാതെ മറ്റ് പ്രോജക്ടുകളോടൊപ്പം ഡി.പി.സി.യ്ക്ക് സമർപ്പിക്കാവുന്നതും ആയത് ഡി.പി.സി. അംഗീകാരത്തിന് വിധേയമാക്കാവുന്നതുമാണ് എന്ന് തീരുമാനിച്ചു.

**2 മരാമത്തു പ്രവർത്തികളുടെ പ്രോജക്ടുകൾക്ക് PRICE SOFTWARE-ൽ എസ്റ്റിമേറ്റ്**

തയ്യാറാക്കിയവയ്ക്കു മാത്രമേ സാങ്കേതികാനുമതി ലഭ്യമാകൂ. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനു മുമ്പ് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയായിരിക്കും.

3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പ്രോജക്ടുകൾ പൂർണ്ണരൂപത്തിൽ 05.09.2016- ന് മുമ്പ് ഡി.പി.സി.യ്ക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടുകൾ 09.09.2016 -ന് മുമ്പ് ഡി.പി.സി പരിശോധിച്ച് അംഗീകാരം നൽകേണ്ടതാണ്. ഈ പറഞ്ഞ കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടതില്ലെന്നും തീരുമാനിച്ചു.

**4. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 09.08.2016-ലെ കത്ത്.**

ഗ്രാമപഞ്ചായത്തുകളുടെ വർദ്ധിപ്പിച്ച ഉത്തരവാദിത്വങ്ങളും പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് പ്രസിഡന്റിനും മറ്റു ജനപ്രതിനിധികൾക്കും പ്രത്യേക വാഹനം വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്- വിഷയം ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് സമർപ്പിക്കണമെന്ന് തീരുമാനിച്ചു.

**5. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 19.07.2016-ലെ കത്ത്.**

നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.

**6 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 05.08.2016-ലെ കത്ത്.**

ഇക്കാര്യത്തിൽ ഗ്രാമവികസന കമ്മീഷണറുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ തീരുമാനിച്ചു.

**7. ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 05.08.2016-ലെ കത്ത്.**
ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ പഴയ ഓഫീസ് കെട്ടിടം ഗ്രാമന്യായാലയമായി. പ്രവർത്തിക്കുന്നതിന് (5 ലക്ഷം രൂപ) ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗിച്ച് സജ്ജീകരണങ്ങൾ ഒരുക്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുന്നത് സംബന്ധിച്ച്.

അനുമതി നൽകുന്നു.

**8. റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.07.2016-ലെ കത്ത്. റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ സർവ്വേയിലൂടെ കണ്ടെത്തിയ മുന്നൂറ്റി അമ്പതോളം പേർക്ക് ഭവന നിർമ്മാണ ധനസഹായം ചെയ്യുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുന്നത് അനുവാദം സംബന്ധിച്ച്.**

നിലവിലുള്ള യോഗ്യതാ മാനദണ്ഡം അനുസരിച്ച് നടപ്പിലാക്കുന്നതിന് അനുവദിച്ചു.

**9 . കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 20.08.2016-ലെ കത്ത്- കാർഷിക മേഖലയിലെ സബ്സിഡി സംബന്ധിച്ച്.**
നിലവിലുള്ള സബ്സിഡി നിരക്കുകൾ തുടരേണ്ടതാണെന്ന് തീരുമാനിച്ചു.

**10. ശ്രീ.സി.കൃഷ്ണൻ എം.എൽ.എ.യുടെ 20.08.2016-ലെ കത്ത്-പെരിങ്ങോം ആസ്ഥാനമായി അനുവദിച്ച ആർട്സ് ആന്റ് സയൻസ് കോളേജിന് പ്ലാൻ ഫണ്ട് ധനസഹായം സംബന്ധിച്ച്.**
തീരുമാനം മാറ്റിവച്ചു.

**11. മുണ്ടേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.08.2016-ലെ കത്ത്-പഴശ്ശി ഇറിഗേഷൻ പ്രോജക്ടിനോട് ചേർന്നുള്ള ഇറിഗേഷൻ വകുപ്പിന്റെ റോഡ് അറ്റകുറ്റപ്പണി- അംഗീകാരം സംബന്ധിച്ച്.**
ഇറിഗേഷൻ വകുപ്പിന്റെ അംഗീകാരത്തിനു വിധേയമായി അംഗീകരിച്ചു.

**12 മുണ്ടേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.07.2016-ലെ കത്ത്-സുസ്ഥിര പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം-തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകുന്നത് സംബന്ധിച്ച്.**

നിലവിൽ ജോലിചെയ്യുന്ന 5 പേർക്ക് 1 വർഷത്തേയ്ക്കു കൂടി ഹോണറേറിയം നൽകുന്നതിന് അനുമതി നൽകി. തുക തനതു ഫണ്ടിൽ നിന്നും കണ്ടെത്തണം. പ്ലാസ്റ്റിക് ശേഖരണം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും തീരുമാനിച്ചു.

**13 പൊന്നാനി നഗരസഭ ചെയർമാന്റെ 18.08.2016-ലെ കത്ത്-മത്സ്യബന്ധന ഉപകരണങ്ങൾക്ക് സബ്സിഡി സംബന്ധിച്ച്.**
നിരസിച്ചു.

**14. വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്-സർക്കാർ എയ്ഡഡ് സ്കൂളുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്ന നടപടി സംബന്ധിച്ച്.**

വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.

**15 കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.08.2016-ലെ കത്ത്-കിഡ്നി രോഗികൾക്കുള്ള ചികിത്സാ പദ്ധതി "സ്നേഹസ്പർശം" സംബന്ധിച്ച്.**

സംയുക്ത പ്രോജക്ട് എടുക്കുന്നതിന് സി.സി തീരുമാനം ആവശ്യമില്ലാ എന്ന വിവരം ജില്ലാ പഞ്ചായത്തിനെ അറിയിക്കുവാൻ തീരുമാനിച്ചു.

**16 പൊന്നാനി മുനിസിപ്പൽ ചെയർമാന്റെ 20.08.2016-ലെ കത്ത്-നാടൻ നെൽവിത്ത് സംരക്ഷണം സംബന്ധിച്ച്.**

കൃഷി വകുപ്പ് Norms അനുസരിച്ച് കൃഷി വകുപ്പ് സാക്ഷ്യപ്പെടുത്തിയ കൃഷിക്കാരിൽ നിന്നും ഏജൻസികളിൽ നിന്നും നാടൻ നെൽവിത്തുകൾ ശേഖരിക്കുന്നതിന് അനുമതി നൽകുവാൻ തീരുമാനിച്ചു.

**17. ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ 23.08.16-ലെ കത്ത്- കന്നുകാലി ഇൻഷുറൻസ് പദ്ധതി സംബന്ധിച്ച്.**

മൃഗസംരക്ഷണ വകുപ്പിൽ നിന്നും വിശദമായ പ്രൊപ്പോസൽ ലഭ്യമായ ശേഷം തദ്ദേശസ്വയംഭരണ വകുപ്പ് തീരുമാനം കൈക്കൊള്ളുന്നതാണെന്ന് തീരുമാനിച്ചു.

## 3. പ്രത്യേക വിഷയങ്ങൾ

### 3.1 കാവാലം ഗ്രാമപഞ്ചായത്ത് (ഫയൽനം. 359/ഡി.എ.2/16/തസ്വഭവ) വിവിധ പദ്ധതികൾക്ക് അംഗീകാരം - സംബന്ധിച്ച്

വാട്ടർ ടാങ്ക് വിതരണം ചെയ്യുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു. മത്സ്യതൊഴിലാളികൾക്ക് (ജനറൽ) വല നൽകുന്നതിനും, ജനറൽ വിഭാഗത്തിന് ഭവന നിർമ്മാണത്തിനുമുള്ള പദ്ധതികൾനിലവിലുള്ള മാർഗ്ഗരേഖ പ്രകാരം പഞ്ചായത്തിന് നടപടി സ്വീകരിക്കാവുന്നതാണ്.

### 3.2 എരുമേലി ഗ്രാമപഞ്ചായത്ത്- (ഫയൽനം. 150/ഡി.ബി1/16/തസ്വഭവ)

ഒഴുക്കനാട് പഞ്ചായത്ത് കോളനി നിവാസികളുടെ ഭൂമി പേരിൽ കൂട്ടുന്നതിന് അനുമതി-സംബന്ധിച്ച്-

ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥയനുസരിച്ച് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

**3.3 ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.258/ഡി.ഡി.2/16/തസ്വഭവ)**

10% ഫണ്ട് മാലിന്യ സംസ്കരണത്തിന് മാറ്റി വെയ്ക്കണമെന്ന തീരുമാനം പുനഃപരിശോധിക്കണമെന്ന അപേക്ഷ സംബന്ധിച്ച്-

ആവശ്യം നിരസിച്ചു.

3.4 **ദേവികുളം ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.259/ഡി.ഡി.2/16/തസ്വഭവ)**

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസ സഹായം അഭയ ട്രസ്റ്റിന്റെ ആവശ്യം സാധൂകരണം - സംബന്ധിച്ച്-

പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

3.5 **മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് (ഫയൽനം.330/ഡി.എ.2/16/തസ്വഭവ)**

തരിശു പാടങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് സഹായം നൽകണമെന്ന അപേക്ഷ സംബന്ധിച്ച്-

വിത്ത്, വളം, ഉഴവുകൂലി, യന്ത്രസാമഗ്രികൾ എന്നിവ നൽകുന്നതിന് നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം വ്യവസ്ഥയുണ്ട്. ആയതു പ്രകാരം നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.

3.6 **കുലശേഖരപുരം ഗ്രാമപഞ്ചായത്ത് (ഫയൽനം.372/ഡി.എ.2/16/തസ്വഭവ)**

പഞ്ചായത്തിലെ കേര അവാർഡ് തുക ഗുണഭോക്തൃ വിഹിതമായി ചെലവഴിക്കുന്നതിന് അനുമതി സംബന്ധിച്ച്-

നിലവിലുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം പരിഗണിക്കാൻ കഴിയില്ല.

3.7 **കാവശ്ശേരി ഗ്രാമ പഞ്ചായത്ത് (ഫയൽനം.358/ഡി.എ2/16/തസ്വഭവ)**

ശിങ്കാരിമേളം പരിശീലനവും ഉപകരണങ്ങളും പദ്ധതി സ്പഷ്ടീകരണം സംബന്ധിച്ച്-

നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.

3.8 **എടവണ്ണ ഗ്രാമപഞ്ചായത്ത്**

തെരുവുവിളക്ക് മെയിന്റനൻസ് ചെയ്യുന്നതിന് അനുമതി സംബന്ധിച്ച്-

അടാട്ട് മാതൃകയിൽ നടപടി സ്വീകരിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടെന്ന് നിരീക്ഷിച്ചു.

3.9 **യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എം.ഡി.യുടെ അപേക്ഷ**

തീരുമാനം മാറ്റി വച്ചു.

3.10 **സി-ഡിറ്റിന് തദ്ദേശഭരണസ്വയം സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിന് സാദ്ധ്യതാ പഠനം നടത്തുന്നതിന് അനുമതി പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച്**

തീരുമാനം മാറ്റി വച്ചു.

3.11 **മൂന്നാർ ഗ്രാമപഞ്ചായത്ത്- എസ്റ്റേറ്റ് മേഖലയിലെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്**

വനം വകുപ്പുമായി ബന്ധപ്പെട്ട് ഫെൻസിംഗ് (Fencing)/ ട്രെഞ്ച് (Trench) നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

3.12 **പിണറായി സി.എച്ച്.സി. യിലേയ്ക്ക് രോഗികളെ കൊണ്ടു വരുന്നതിനും ഉപരി ചികിതിസയ്ക്കായി പരിയാരം മെഡിക്കൽ കോളേജ് മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിലേയ്ക്ക് രോഗികളെ കൊണ്ടുപോകുന്നതിന് ഒരു ആംബുലൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നത് സംബന്ധിച്ച്**

അംഗീകരിച്ചു. ആംബുലൻസ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതും, ആംബുലൻസിന്റെ മെയിന്റനൻസ് ചാർജ്ജ്, ഡ്രൈവറുടെ ശമ്പളം മുതലായവ ഹോസ്പിറ്റൽമാനേജ്മെന്റ് കമ്മിറ്റി കണ്ടെത്തേണ്ടതുമാണ്. മേൽ പ്രകാരമുള്ള ഒരു അണ്ടർടേക്കിംഗ് വച്ചതിനുശേഷമേ ആംബുലൻസ് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടി സ്വീകരിക്കുവാൻ പാടുള്ളൂ.

**യോഗം 2.15 ന് അവസാനിച്ചു.**